# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ധർമ്മടം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി7/756/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 15/06/2022
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ധർമ്മടം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ധർമ്മടം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ധർമ്മടം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി7/756/22 തീയ്യതി: 15/06/2022

## കണ്ണൂർ ജില്ലയിലെ ധർമ്മടം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ധർമ്മടം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-08-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2020 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സാബു.പി.എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 11-05-2022 | 24-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 11-05-2022 | 24-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.രമണി കിഴക്കീൽ(ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി.ഷൈമകുമാരി.എസ്.എൽ,ഓഡിറ്റ് ഓഫീസർ
ശ്രീമതി.സുമതി.ടി.ഒ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.പ്രമോദ്.കെ ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ബേബി.സരോജ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീ.എൻ കെ.രവി | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ശ്രീ.പി.കെ.പ്രേമൻ | സെക്രട്ടറി | 01-04-2020 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സുരേഷ്.എം | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.മുരളി കൊപ്പൻറവിടെ | മെഡിക്കൽ ഓഫീസർ,പി എച്ച് സി | 01-04-2020 | 22-01-2021 |
| ഡോ.ധന്യ.കെ.എം | മെഡിക്കൽ ഓഫീസർ,പി എച്ച് സി | 23-01-2021 | 31-03-2021 |
| ഡോ.അമർനാഥ്.പി | മെഡിക്കൽ ഓഫീസർ,ആയുർവ്വേദം | 01-04-2020 | 10-03-2021 |
| ഡോ.ദീപ്തി.ഡി.സി | മെഡിക്കൽ ഓഫീസർ,ആയുർവ്വേദം | 11-03-2021 | 31-03-2021 |
| ഡോ.ശ്രീനിഷ്.എസ്.എസ് | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ.ഹരീഷ്.കൃഷ്ണൻ.പി.പി | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2020 | 31-03-2021 |
| ശ്രീമതി.ഷീബ.സി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ.പ്രേമൻ.വി | വി.ഇ.ഒ ധർമ്മടംസർക്കിൾ | 01-04-2020 | 31-03-2021 |
| ശ്രീമതി.സോഫിയ.വി.പി | വി.ഇ.ഒ ,പാലയാട് സർക്കിൾ | 01-04-2020 | 31-03-2021 |
| ശ്രീമതി.സനില.വി | ഹെഡ്മിസ്ട്രസ് | 01-04-2020 | 31-05-2020 |
| ശ്രീമതി.പ്രീത.കെ.പി | ഹെഡ്മിസ്ട്രസ് | 01-06-2020 | 30-11-2020 |
| ശ്രീ.മൊയ്തു.എൻ.പി | ഹെഡ് മാസ്റ്റർ | 01-12-2020 | 31-03-2021 |
| ശ്രി.സരസൻ.ബി | അസി.സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ.ഉല്ലാസൻ.സി.പി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 30-06-2020 |
| ശ്രീമതി.ധന്യ.ഇ.പി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-07-2020 | 18-01-2022 |
| ശ്രീ.സന്തോഷ്.പി. | അസിസ്റ്റന്റ് എഞ്ചിനീയർ | 19-01-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ.വിനോദൻ. | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2020 | 04-11-2020 |
| ശ്രീമതി.സരിത.കെ.വി. | ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 05-11-2020 | 31-03-2021 |
| ശ്രീ.നിഷാദ്.വി. | ഡയറിഎക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 24-06-2020 |
| ശ്രീമതി.ബീന.പി.വി. | ഡയറിഎക്സ്റ്റൻഷൻ ഓഫീസർ | 25-06-2020 | 31-03-2021 |

12-11-2020 മുതൽ 20-12-2020 വരെ കൃഷി ഓഫീസർ, അസി.എഞ്ചിനീയർ, സെക്രട്ടറി എന്നിവരടങ്ങിയ ഭരണനിർവ്വഹണ കമ്മിറ്റിയാണ് ഭരണസമിതിയുടെ ചുമതല നിർവഹിച്ചിരുന്നത്.

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Remani Kizhakkeel (Audit Officer, On 16-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 15-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Remani Kizhakkeel (Audit Officer, On 16-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 15-06-2022) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Sumathi.T.O (Auditor, On 24-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 15-06-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Remani Kizhakkeel (Audit Officer, On 16-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 15-06-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Remani Kizhakkeel (Audit Officer, On 16-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 15-06-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Remani Kizhakkeel (Audit Officer, On 16-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 15-06-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Remani Kizhakkeel (Audit Officer, On 21-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 15-06-2022) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Remani Kizhakkeel (Audit Officer, On 21-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 15-06-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Remani Kizhakkeel (Audit Officer, On 21-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 15-06-2022) | 1-8 |
| 10 | ഗ്രാമസഭ<br>Written By: Shyma Kumari S.L (Audit Officer, On 25-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 15-06-2022) | 1-9 |
| 11 | ആഭ്യന്തരനിയന്ത്രണ സംവിധാനം<br>Written By: Shyma Kumari S.L (Audit Officer, On 25-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 15-06-2022) | 1-10 |
| 12 | എഫ്.ടി.ഇ&ഒ.എസ് ലൈസൻസ് ഫീ - അപാകങ്ങൾ .<br>Written By: Pramod K (Auditor, On 25-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 15-06-2022) | 1-11 |
| 13 | എഫ്.ടി.ഇ.&ഒ.എസ് ലൈസൻസ് ഫീ ഈടാക്കിയതിലെ -അപാകങ്ങൾ.<br>Written By: Pramod K (Auditor, On 25-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 15-06-2022) | 1-12 |
| 14 | തൊഴിൽ നികുതി -അപാകങ്ങൾ.<br>Written By: Pramod K (Auditor, On 25-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 15-06-2022) | 1-13 |
| 15 | ഐ കെ എം ന് വിഹിതം നൽകൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>Written By: Remani Kizhakkeel (Audit Officer, On 22-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 15-06-2022) | 1-14 |
| 16 | വെള്ളക്കരം അടവാക്കൽ -രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല<br>Written By: Remani Kizhakkeel (Audit Officer, On 22-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 15-06-2022) | 1-15 |
| 17 | മഴക്കാലപൂർവ്വ ശുചീകരണം -വാർഡ്തല സാനിറ്റേഷൻ കമ്മിറ്റിക്ക് നൽകിയ | 1-16 |

| | | |
|---|---|---|
| | തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല. 2,70,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Sumathi.T.O (Auditor, On 24-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 15-06-2022) | |
| 18 | ഘടക സ്ഥാപനങ്ങൾ /അങ്കണവാടികൾ, സ്കൂളുകൾ തുടങ്ങിയ സ്ഥാപനങ്ങൾക്ക് റിംഗ് കമ്പോസ്റ്റ് - സ്ഥാപിച്ചതിന്റെ രേഖ ഹാജരാക്കിയിട്ടില്ല-₹124850 തടസ്സപ്പെടുത്തുന്നു.<br>Written By: Sumathi.T.O (Auditor, On 24-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 15-06-2022) | 1-17 |
| 19 | കന്നു കുട്ടി പരിപാലനം വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>Written By: Sumathi.T.O (Auditor, On 24-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 15-06-2022) | 1-18 |
| 20 | കോൺഫറൻസ് ഹാളിൽ സൗണ്ട് സിസ്റ്റം സ്ഥാപിക്കൽ- പദ്ധതി നടപ്പിലായില്ല<br>Written By: Remani Kizhakkeel (Audit Officer, On 22-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 15-06-2022) | 1-19 |
| 21 | പ്രൈമറി ഹെൽത്ത് സെന്റർ ഫാമിലി ഹെൽത്ത് സെന്ററാക്കൽ തുടർ നടപടികളില്ല<br>Written By: Remani Kizhakkeel (Audit Officer, On 22-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 15-06-2022) | 1-20 |
| 22 | ടെണ്ടർ ഫീസ് ഇനത്തിലെ തുക പഞ്ചായത്തിന് തിരികെ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>Written By: Shyma Kumari S.L (Audit Officer, On 23-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 15-06-2022) | 1-21 |
| 23 | റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കേണ്ടതാണ്.<br>Written By: Shyma Kumari S.L (Audit Officer, On 23-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 15-06-2022) | 1-22 |
| 24 | കാലാവധിക്കകം പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. തുടർ നടപടികൾ സ്വീകരിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ്.<br>Written By: Shyma Kumari S.L (Audit Officer, On 24-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 15-06-2022) | 1-23 |
| 25 | മരാമത്ത് പ്രവൃത്തികൾ ഒരു ഘട്ടത്തിൽ പോലും ഗുണമേന്മാ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല<br>Written By: Shyma Kumari S.L (Audit Officer, On 23-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 15-06-2022) | 1-24 |
| 26 | നെൽ കൃഷി വികസനം - രേഖകളുടെ അഭാവത്തിൽ ₹177900 തടസ്സപ്പെടുത്തുന്നു.<br>Written By: Pramod K (Auditor, On 26-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 15-06-2022) | 1-25 |
| 27 | ഉൽസവ വാഴകൃഷി - പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ.<br>Written By: Pramod K (Auditor, On 26-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 15-06-2022) | 1-26 |
| 28 | പച്ചക്കറി കൃഷിക്ക് മൺചട്ടി, ഗ്രോബാഗ് - പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ.<br>Written By: Pramod K (Auditor, On 25-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 15-06-2022) | 1-27 |
| 29 | കര നെൽ കൃഷി -രേഖകളുടെ അഭാവത്തിൽ ₹31200 തടസ്സപ്പെടുത്തുന്നു.<br>Written By: Pramod K (Auditor, On 25-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 15-06-2022) | 1-28 |
| 30 | ഇടവിളകിറ്റ് -വിതരണ രേഖകൾ ഹാജരാക്കിയിട്ടില്ല. ₹160000 | 1-29 |

| | | |
|---|---|---|
| | തടസ്സപ്പെടുത്തുന്നു.<br>Written By: Pramod K (Auditor, On 25-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 15-06-2022) | |
| ഭാഗം 2 | | |
| --- No Records Found --- | | |
| ഭാഗം 3 | | |
| --- No Records Found --- | | |
| ഭാഗം 4 | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Remani Kizhakkeel (Audit Officer, On 21-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 15-06-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Remani Kizhakkeel (Audit Officer, On 22-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 15-06-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Remani Kizhakkeel (Audit Officer, On 22-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 15-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Remani Kizhakkeel (Audit Officer, On 22-05-2022)<br>Last Updated By: Remani Kizhakkeel (Audit Officer, On 22-05-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Remani Kizhakkeel (Audit Officer, On 22-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 15-06-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Remani Kizhakkeel (Audit Officer, On 22-05-2022)<br>Last Updated By: Remani Kizhakkeel (Audit Officer, On 22-05-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Remani Kizhakkeel (Audit Officer, On 22-05-2022)<br>Last Updated By: Remani Kizhakkeel (Audit Officer, On 22-05-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം<br>Written By: Remani Kizhakkeel (Audit Officer, On 22-05-2022)<br>Last Updated By: Remani Kizhakkeel (Audit Officer, On 22-05-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Remani Kizhakkeel (Audit Officer, On 22-05-2022)<br>Last Updated By: Remani Kizhakkeel (Audit Officer, On 22-05-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Remani Kizhakkeel (Audit Officer, On 22-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 15-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Remani Kizhakkeel (Audit Officer, On 22-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 15-06-2022) | 4-11 |
| 12 | ഓഡിറ്റ് നിർദ്ദേശ പ്രകാരം തുക ഒടുക്കിയതിന്റെ വിവരങ്ങൾ<br>Written By: PREETHA.P.V (Computer Assistant, On 15-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 15-06-2022) | 4-12 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റെസീറ്റ് ആന്റ് പേമെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |

| | |
|---|---|
| 5 | ബാലൻസ് ഷീറ്റ് |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ബജറ്റ് 30-03-2020 തീയതിയിലെ 2/120/20 നമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 20-02-2021ലെ 73/21 നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 13213520 | 5707808 |
| വരവ് | 176340500 | 199630925 |
| ആകെ | 189554020 | 205338733 |
| ചെലവ് | 179134000 | 201827816 |
| നീക്കിയിരിപ്പ് | 10420020 | 3510917 |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2021 | 05.07.2021 | തിരിച്ചയച്ചിട്ടില്ല |

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

2020-21 വർഷത്തെ വാർഷിക കണക്കിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. എൻ.ആർ.ഇ.ജി.എ ഇനത്തിൽ I-6 ഷെഡ്യൂൾ പ്രകാരം 15261494 രൂപയും I-14 (A) പ്രകാരം 14511027 രൂപയുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. I-6 ഷെഡ്യൂളിൽ 750467 രൂപ അധികം ചേർത്തിരിക്കുന്നു.

2. എൻ.ആർ.ഇ.ജി.എ ഇനത്തിലുള്ള നീക്കിയിരിപ്പ് ബി-4 ഷെഡ്യൂൾ പ്രകാരം 935 രൂപയും ബി-17, ആർ.പി 40 (ബി) എന്നിവ പ്രകാരം 936.93 രൂപയുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 2019-20 വാർഷിക കണക്കിന്റെ B-4 ഷെഡ്യൂൾ പ്രകാരം എൻ.ആർ.ജി.എ. ഇനത്തിലുള്ള നീക്കിയിരിപ്പ് 231262 രൂപയും 2020-21 വാർഷിക കണക്കിന്റെ RP-40(a) പ്രകാരം മുന്നിരിപ്പ് 231263.93 രൂപയുമാണ്. ഈ വ്യത്യാസങ്ങൾ ഖണ്ഡിക 1-4 പ്രകാരമുള്ള എൻ.ആർ.ജി.എ. കണക്കുകളിൽ പ്രതിഫലിച്ചിട്ടുണ്ട്.

3. ബി-11 ഷെഡ്യൂൾ പ്രകാരം ഭൂമിയുടെ യഥാർത്ഥ മൂല്യം കാണിക്കാതെ 193651 രൂപ മാത്രമാണ് കാണിച്ചിരിക്കുന്നത്. വാർഷിക കണക്കിൽ ഭൂമിയുടെ യഥാർത്ഥ മൂല്യം രേഖപ്പെടുത്തേണ്ടതാണ്.

4. ബി-9 ഷെഡ്യൂളിൽ Govt.and Other Dues Payable – Refund Of Unutilised Grants Of Prior Period (350300109) എന്ന ഹെഡിൽ 365101 രൂപ ഏതിനത്തിലുള്ളതാണെന്ന് വ്യക്തമല്ല.

5. 2019-2020 വർഷത്തെ ബി-11 പ്രകാരമുള്ള ആസ്തികളോട് 2020-21 ലെ ആർ.പി 38 പ്രകാരമുള്ള തുക കൂട്ടിയാൽ കിട്ടുന്ന തുകയല്ല താഴെ കൊടുത്ത ഇനങ്ങളുടെ 2020-21 ബി-11 ലെ ആസ്തികളുടെ മൂല്യം കാണിച്ചിരിക്കുന്നത്.

| ഹെഡ് കോഡ് | 2019-20 ബി-11 പ്രകാരം | ആർ.പി 38 പ്രകാരം | 2020-21 ബി-11 പ്രകാരം |
|---|---|---|---|
| 410300102 (റോഡ്-ടാർഡ്) | 32861237 | 1759180 | 34792417 |
| 410710104 (മൂവബിൾ അസറ്റ്സ്-ഫർണിച്ചർ, ഫിക്സ്ചേർസ് മുതലായവ) | 3558718 | 279245 | 3941863 |

6. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62 ഇ, എഫ്, എന്നിവ പ്രകാരം വാർഷിക കണക്കിൽ അക്കൗണ്ടുകൾക്കുള്ള കുറിപ്പ്, അടിസ്ഥാന അനുപാതങ്ങൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

7. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(3) പ്രകാരം പ്രസ്തുത ചട്ടങ്ങൾ ബാധകമാകുന്ന ആദ്യ വർഷത്തിൽ ഒഴികെ എല്ലാ വർഷങ്ങളിലും സാമ്പത്തിക പത്രികകളിൽ മുൻവർഷത്തെ താരതമ്യതുകകൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ രേഖപ്പെടുത്തലുകളില്ല

8. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(4) പ്രകാരം വാർഷിക ധനകാര്യപത്രികയിൽ രേഖപ്പെടുത്തുന്ന മുഴുവൻ തുകകളും പൂർണ്ണ രൂപത്തിലായിരിക്കേണ്ടതാണെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

9. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ ബാലൻസ് ഷീറ്റ് ബി.14 ഷെഡ്യൂൾ പ്രകാരം ക്ലോസിംഗ് സ്റ്റോക്ക് ഇല്ല.

10. ഇ ടെണ്ടർ വഴി നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ ലഭിക്കുന്ന തുകകൾ ക്രെഡിറ്റ് ചെയ്യുന്നതിന് LSGD എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് മുഖാന്തിരം ലഭിക്കേണ്ട തുക കിട്ടാനുള്ള തുകയായി കണക്കാക്കി ഷെഡ്യൂൾ B-15 (Sundry Debtors Receivables) ൽ ഉൾപ്പെടുത്തിയിട്ടില്ല.

11. തൊഴിൽ നികുതി (ടെയ്ഡേഴ്സ്) ഡിമാന്റ് വാർഷിക കണക്ക് (ഐ-1) പ്രകാരം 341300 രൂപയും കളക്ഷൻ ആർ.പി.43 പ്രകാരം 240760 രൂപയുമാണ്. ബാലൻസ് തുക കിട്ടാനുള്ള തുകയായി കണക്കാക്കി ഷെഡ്യൂൾ B-15 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റും കളക്ഷനും 240760 രൂപയാണ്.

12. ധർമ്മടം ഗ്രാമ പഞ്ചായത്ത് പ്രൈമറി ഹെൽത്ത് സെന്റർ, കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് പ്രൊജക്ട് നമ്പർ 100/21 പ്രകാരം 30,50,000 രൂപ കണ്ണൂർ ജില്ലാ കുടുംബക്ഷേമ ഓഫീസർക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത തുക വിനിയോഗിക്കാതെ ചെലവായി വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

13. പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ സൗണ്ട് സിസ്റ്റം സ്ഥാപിക്കൽ (പ്രൊജക്ട് നം.235) എന്ന പ്രൊജക്ടിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പ്, ഇലക്ട്രോണിക് വിഭാഗത്തിന് 255000 രൂപ നൽകിയിട്ടുണ്ട്. എന്നാൽ തുക നാളിതുവരെയായും ചെലവഴിച്ചിട്ടില്ല. എന്നാൽ വാർഷിക കണക്കിൽ ചെലവ് രേഖപ്പെടുത്തിയിട്ടുമുണ്ട്.

16. അഡ്വാൻസ് ടു അദേഴ്സ് എന്ന ഹെഡിലുള്ള (460509901) ആർ.പി 47 പ്രകാരം നൽകിയ മുൻകൂർ 636546 രൂപയും രജിസ്റ്റർ പ്രകാരം 667777 രൂപയാണ്. മുൻകൂർ ക്രമീകരിച്ചത് വാർഷിക കണക്ക് പ്രകാരം (ആർ.പി 47) പ്രകാരം രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്റർ പ്രകാരം 1004341 രൂപയുമാണ്.

മുകളിൽ കൊടുത്ത അപാകതകൾക്ക് വ്യക്തത വരുത്തേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 25579832.53 |
| വരവ് | 65786449.00 |
| ആകെ | 91366281.53 |
| ചെലവ് | 72055135.00 |
| നീക്കിയിരിപ്പ് | 19311146.53 |
| വരവ് നഷ്ടം | - |
| ചെലവ് നഷ്ടം | - |
| തടസ്സപ്പെടുത്തിയ തുക | 763950 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 13638375 | 13638375 | 13638375 | 0 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 1643720 | 1643720 | 1643720 | 0 |
| മെയിന്റനൻസ്, റോഡ് | 0 | 1941634 | 1941634 | 1941634 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 3423750 | 3423750 | 3423750 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - | 0 | 8095395 | 8095395 | 8095395 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ബേസിക്ക് | | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - ടൈഡ് | | 0 | 1354847 | 1354847 | 1354847 | 0 |
| തൊഴിലുറപ്പ് പദ്ധതി | ഭരണചെലവ് | 231262 | 784241 | 1015503 | 1014568 | 935 |
| | ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 14245991 | 14245991 | 14245991 | 0 |
| | ആകെ | 231262 | 15030232 | 15261494 | 15260559 | 935 |
| ഐ.സി.ഡി.എസ്. സെൻട്രൽ ഷെയർ | | 13581 | 876694 | 890275 | 499038 | 391237 |
| ടോട്ടൽ സാനിറ്റേഷൻ | | 1955000 | 2532843 | 4487843 | 3485464 | 1002379 |
| എം.പി ഫണ്ട് | | 17502 | 436 | 17938 | 0 | 17938 |
| സി.എസ്.ആർ.ഫണ്ട് | | 0 | 460000 | 460000 | 250000 | 210000 |
| മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ | | 70 | 678190 | 678260 | 636190 | 42070 |
| കുടിവെള്ളം | | 8658048 | 0 | 8658048 | 6234392 | 2423656 |
| സാക്ഷരത | | 198 | 9 | 207 | - | 207 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | പൂർത്തീകരിച്ചത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 196 | 105050797 | 160 | 49477915 | 30 | 130 | 36 | 66.33 |

.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയത് | അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 12 | 11 | 3131137 | 2465364 | 78.73 |
| 2 | വെറ്റിനറി സർജ്ജൻ | 11 | 11 | 2306539 | 1665712 | 72.22 |
| 3 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 8 | 7 | 2816158 | 2274416 | 80.76 |
| 4 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2 | 2 | 225000 | 224900 | 99.96 |
| 5 | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 2 | 1 | 410000 | 300000 | 73.17 |
| 6 | വി.ഇ.ഒ ധർമ്മടം | 14 | 10 | 7870722 | 2461028 | 31.27 |

| | | | | | | |
|---|---|---|---|---|---|---|
| 7 | വി.ഇ.ഒ,പാലയാട് | 10 | 10 | 12858000 | 3359171 | 26.13 |
| 8 | ഐ സി ഡിഎസ് സൂപ്പർവൈസർ | 5 | 5 | 4529906 | 3692228 | 81.51 |
| 9 | അസി. സെക്രട്ടറി | 8 | 6 | 1269290 | 840813 | 66.24 |
| 10 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 1664250 | 1645090 | 98.85 |
| 11 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 6 | 6 | 1828470 | 1113368 | 60.89 |
| 12 | ഹെഡ് മാസ്റ്റർ | 12 | 9 | 1661149 | 1149569 | 69.2 |
| 13 | സെക്രട്ടറി | 29 | 21 | 31307464 | 8134126 | 25.98 |
| 14 | അസി.എഞ്ചിനീയർ | 75 | 59 | 33172712 | 20152130 | 60.75 |
| | ആകെ | 196 | 160 | 105050797 | 49477915 | 47.1 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 231262 | 784241 | 1015503 | 1014568 | 935 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 14245991 | 14245991 | 14245991 | 0 |
| ആകെ | 231262 | 15030232 | 15261494 | 15260559 | 935 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 1950800 | 135 |
| വിധവാ പെൻഷൻ | 17777700 | 1225 |
| വാർധക്യകാല പെൻഷൻ | 42376700 | 3354 |
| ഭിന്നശേഷിക്കാരുടെ പെൻഷൻ | 5043500 | 371 |
| അവിവാഹിത പെൻഷൻ | 6106000 | 419 |
| വിവാഹധനസഹായം | 480000 | 16 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20-05-2022 തീയ്യതിയിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5350 രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ഗ്രാമസഭ

ധർമ്മടം ഗ്രാമപഞ്ചായത്തിലെ ആകെ 18 വാർഡുകളിലും കോവിഡിന്റെ പശ്ചാത്തലത്തിൽ ഒരു തവണ മാത്രമേ ഗ്രാമസഭായോഗം ചേർന്നിട്ടുള്ളൂ. ഗ്രാമസഭാ യോഗങ്ങളിൽ ആവശ്യമായ ക്വാറം തികഞ്ഞിട്ടുണ്ട്.

## 1-10 ആഭ്യന്തരനിയന്ത്രണ സംവിധാനം

ധർമ്മടം ഗ്രാമപഞ്ചായത്തിൽ 2019-20 വർഷം പ്രതിമാസം ഓഫീസ് യോഗം ചേരുകയും ദൈനംദിന ഓഫീസ് പ്രവർത്തനം, ഫ്രണ്ട് ഓഫീസ് പ്രവർത്തനം എന്നിവ കാര്യക്ഷമമാക്കുവാനായി നിർദ്ദേശം നൽകുന്നതായും കണ്ടു. നികുതി പിരിവ് 100% കൈവരിക്കുന്നതിനായി ഊർജ്ജിതമായ നടപടികൾ സ്വീകരിച്ചു വരുന്നതായി കാണാൻ കഴിഞ്ഞു. രജിസ്റ്ററുകൾ ശരിയായ രീതിയിൽ സൂക്ഷിച്ചു വരുന്നുണ്ട്. പഞ്ചായത്ത് ഓഫീസിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്.

പഞ്ചായത്തിന്റെ വാർഷിക ബജറ്റ് പാസ്സാക്കുന്നതിൽ നിയമ പ്രകാരമുള്ള നടപടികൾ പാലിച്ചിട്ടുണ്ട്. വാർഷിക ധനകാര്യ പത്രികയുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട ബാങ്ക് പാസ്സ്ബുക്കുകൾ, ബാങ്ക് ബുക്കുകൾ എന്നിവ പൊരുത്തപ്പെടുത്തി സൂക്ഷിച്ചു വരുന്നുണ്ട്. വികസനഫണ്ട്, സംരക്ഷണ ഗ്രാന്റ്, ജനറൽ പർപ്പസ് ഗ്രാന്റ്, മറ്റ് തനത് ഫണ്ടുകൾ, സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുകയുടെ വിനിയോഗം സംബന്ധിച്ച് എ.സി.ആർ. സൂക്ഷിക്കുന്നുണ്ട്. അഡ്വാൻസ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചു വരുന്നുണ്ട്. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് വാർഷികാവശ്യങ്ങളെ തിട്ടപ്പെടുത്തിയുള്ള പ്രൊക്യയർമെന്റ് പ്ലാനും ബജറ്റും തയ്യാറാക്കാതെ, ഒരോ നിർവ്വഹണോദ്യോഗസ്ഥനെയും വാങ്ങലിന് ചുമതലപ്പെടുത്തുന്ന രീതിയാണുള്ളത്. അസറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചു വരുന്നുണ്ട്. പഞ്ചായത്ത് സേവനങ്ങൾക്കുള്ള ഏകജാലക സംവിധാനമായ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നുണ്ട്.

ധർമ്മടം പഞ്ചായത്തിലെ ജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങളും അവകാശങ്ങളും സംബന്ധിച്ച പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. എന്നാൽ പദ്ധതികളുടെ നിർവഹണം കാര്യക്ഷമമാണോ എന്ന് മോണിറ്ററിംഗ് സമിതി കൃത്യമായി പരിശോധിക്കുന്നതായി കാണുന്നില്ല. പദ്ധതികളുടെ നിർവഹണം സംബന്ധിച്ച മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

## 1-11 എഫ്.ടി.ഇ&ഒ.എസ് ലൈസൻസ് ഫീ - അപാകങ്ങൾ .

31.10.2017ന് പ്രാബല്യത്തിൽ വന്ന കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ, 2017 ലെ ചട്ടം 7 പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നത് വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ധർമ്മടം ഗ്രാമപഞ്ചായത്തിൽ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ എഫ്.ടി.ഇ & ഒ.എസ് ലൈസൻസ് ഈടാക്കി തുടങ്ങിയത് 21.2.2018 ലെ ഭരണസമിതി തീരുമാനം നമ്പർ 31/93/18 പ്രകാരമാണ്. പ്രസ്തുത യോഗത്തിലെ തീരുമാന പ്രകാരം ഉത്പാദന മേഖലയിലെയും സേവന മേഖലയിലെയും സ്ഥാപനങ്ങളെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ വിവിധ സ്ലാബുകളായി തിരിച്ചാണ് ലൈസൻസ് ഫീസ് ഈടാക്കി വരുന്നത്.

എന്നാൽ 2020-21-ൽ എഫ്.ടി.ഇ.&ഒ.എസ് ലൈസൻസ് അനുവദിച്ച ഏതാനും അപേക്ഷകൾ പരിശോധിച്ചതിൽ ചുവടെ കൊടുത്തിരിക്കുന്ന അപേക്ഷകർ അപേക്ഷയിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല .കൂടാതെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അന്വേഷണ റിപ്പോർട്ടിലും മൂലധന നിക്ഷേപം രേഖപ്പെടുത്താതെയാണ് ലൈസൻസ് ഫീ ഈടാക്കിയിട്ടുള്ളത് . മൂലധന നിക്ഷേപം രേഖപ്പെടുത്താതെ ഏത് മാനദണ്ഡ പ്രകാരമാണ് ലൈസൻസ് ഫീ ഈടാക്കിയതെന്ന് വ്യക്തമാക്കേണ്ടതാണ്.

| എഫ്.ടി.ഇ. &ഒ.എസ് രജിസ്റ്ററിലെ ക്രമ നമ്പർ | വാർഡ് നമ്പർ/ കെട്ടിട നമ്പർ | അപേക്ഷ കന്റെ പേര്/ അപേക്ഷ തീയ്യതി | സ്ഥാപനം സംബ ന്ധിച്ച വിവരം | മൂലധന നിക്ഷേപം ₹ | ലൈസൻസ് ഫീ ഇന ത്തിൽ ഈടാ ക്കിയ തുക ഉൾ പ്പെടുന്ന രസീത് നമ്പർ/ തീയ്യതി |
|---|---|---|---|---|---|
| 8 | 7/326, 327 | സി.കമലാക്ഷി / 12.2.2020. | വർക്ക് ഷോപ്പ് നടത്തുന്നതിന് | രേഖപ്പെട്ട ത്തിയിട്ടില്ല | 300 119040105983/ 11.2.2020. |

| | | | | | |
|---|---|---|---|---|---|
| 12 | 12/24 | രാജേഷ്.പി/ 14.2.2020. | ഹാർഡ്‌വെയർ സാധനങ്ങൾ വിൽപ്പന | " | 300 119040106025/ 14.2.2020. |
| 13 | 12/25 | വിജയ ബാബു. പി.വി/ 14.2.2020. | സിമന്റ് വിൽപ്പന | " | 300 119040106024/ 14.2.2020. |
| 17 | 17/145 | ശിവദാസൻ.എം/ 24.2.2020. | തയ്യൽ കട | " | 200 119040106117/ 24.2.2020. |
| 19 | 7/145 | നിജു.കെ/ 25.2.2020. | മൊബൈൽ ഫോൺ റിപ്പയറും അനുബന്ധ സാധനങ്ങളുടെ വിൽപ്പനയും | " | 300 119040106132/ 25.2.2020. |
| 24 | 1/314 | പൊന്നമ്പത്ത് ഗംഗാധരൻ/ 26.2.2019. | വാടക സാധനങ്ങൾ വിതരണം | " | 300 119040106194/ 26.2.2020. |
| 27 | 2/152 | പ്രഭാകരൻ കിഴക്കേവീട്ടിൽ/ 27.2.2020. | സ്റ്റേഷനറി കട | " | 300 119040106242/ 27.2.2020. |
| 30 | 16/168 | സുജിന രജീഷ്/ 27.2.2020. | പ്ലൈവുഡ്, പി.വി.സി ബോർഡ് വിൽപ്പന | " | 300 119040106240/ 27.2.2020. |
| 42 | 14/218 | അജിത.എ/ 28.2.2020. | കൂൾബാർ,ബേക്കറി പലചരക്ക് | " | 300 119040106314/ 28.2.2020. |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/2020-21.തീയ്യതി-19.5.2022) മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ നിലവിൽ സമർപ്പിച്ച മുഴുവൻ അപേക്ഷകളിലും ഫീൽഡ് പരിശോധനയുടെ അടിസ്ഥാനത്തിൽ മൂലധന നിക്ഷേപവും ആയത് പ്രകാരം നിശ്ചയിച്ചിട്ടുള്ള ലൈസൻസ് ഫീസും അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതാണ്. കൂടാതെ ലൈസൻസ് ഫീസ് ഭേദഗതി ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ളത് പ്രകാരം സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിക്കുകയും ഉത്പാദനം, സേവനം എന്നിങ്ങനെ മേഖല തിരിച്ച് മൂലധന നിക്ഷേപം രേഖപ്പെടുത്തി ആയതിന് അനുസൃതമായി ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

## 1-12 എഫ്.ടി.ഇ.&ഒ.എസ് ലൈസൻസ് ഫീ ഈടാക്കിയതിലെ -അപാകങ്ങൾ.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017-ലെ ജിഒ(പി)നം.80/2017 പ്രകാരം ഡി&ഒ ലൈസൻസ് ചട്ടം ഭേദഗതി ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ധർമ്മടം ഗ്രാമപഞ്ചായത്ത് 21.2.2018-ലെ ഭരണസമിതി തീരുമാനം നമ്പർ 31/93/18 പ്രകാരം വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾ ക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകുന്നതിന് മൈക്രോ സംരംഭങ്ങൾക്കും,മിനി സംരംഭങ്ങൾക്കും സേവന വിഭാഗത്തിന് താഴെ പറയും വിധത്തിൽ ലൈസൻസ് ഫീ

ഈടാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(1) മൈക്രോ സംരംഭങ്ങൾ 1ലക്ഷം വരെ മൂലധന നിക്ഷേപം ഉള്ളത്- ----ലൈസൻസ് ഫീ -₹ 100.

(2) മൈക്രോ സംരംഭങ്ങൾ 1 ലക്ഷത്തിന് മുകളിൽ 5 ലക്ഷം വരെ മൂലധന നിക്ഷേപം ഉള്ളത്- ----ലൈസൻസ് ഫീ -₹ 300.

(3) മൈക്രോ സംരംഭങ്ങൾ 5ലക്ഷത്തിന് മുകളിൽ 10 ലക്ഷം വരെ മൂലധന നിക്ഷേപം ഉള്ളത്- ----ലൈസൻസ് ഫീ -₹ 500.

(4) മിനി സംരംഭങ്ങൾ 10ലക്ഷത്തിന് മുകളിൽ 20ലക്ഷം വരെ മൂലധന നിക്ഷേപം ഉള്ളത്- ----ലൈസൻ സ് ഫീ -₹ 600.

(5) മിനി സംരംഭങ്ങൾ 20ലക്ഷത്തിന് മുകളിൽ 35 ലക്ഷം വരെ മൂലധന നിക്ഷേപം ഉള്ളത്- ----ലൈസൻസ് ഫീ -₹ 800.

(6) മിനി സംരംഭങ്ങൾ 35ലക്ഷത്തിന് മുകളിൽ 50 ലക്ഷം വരെ മൂലധന നിക്ഷേപം ഉള്ളത്- ----ലൈസൻസ് ഫീ -₹ 1000.

എന്നാൽ 2020-21-ൽ എഫ്.ടി.ഇ.&ഒ.എസ് ലൈസൻസ് അനുവദിച്ച ഏതാനും അപേക്ഷകൾ പരിശോധിച്ചതിൽ ചുവടെ കൊടുത്തിരിക്കുന്ന അപേക്ഷകരിൽ നിന്നും ലൈസൻസ് ഫീ ഇനത്തിൽ ഈടാക്കിയ തുകയിൽ കുറവ് വന്നിട്ടുണ്ട്. കുറവ് വരുവാനുണ്ടായതിന്റെ കാരണം ലഭ്യമാക്കേണ്ടതാണ്.

| എഫ്.ടി. ഇ.&ഒ. എസ് രജിസ്റ്ററിലെ ക്രമ നമ്പർ | വാർഡ് നമ്പർ/ കെട്ടിട നമ്പർ | അപേക്ഷകന്റെ പേര്/ അപേക്ഷ തീയ്യതി. | സ്ഥാപനം സംബന്ധിച്ച വിവരം | മൂലധന നിക്ഷേപം ₹ | ലൈസൻസ് ഫീ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക ₹ | ലൈസൻസ് ഫീ ഇനത്തിൽ ഈടാക്കിയ തുക ഉൾപ്പെടുന്ന *രസീത് നമ്പർ/ തീയ്യതി* | ലൈസൻസ് ഫീ ഇനത്തിൽ കുറവ് വന്ന തുക ₹ |
|---|---|---|---|---|---|---|---|
| 68 | 17/198 | ദിലീപ് കുമാർ. സി.പി / 29.2.2020. | സ്റ്റുഡിയോ, ഡി.ടി.പി, ഫോട്ടോസ്റ്റാറ്റ്, ലാമിനേഷൻ പ്രിന്റിംഗ്, ഇന്റർനെറ്റ് സർവ്വീസ് നടത്താൻ | 1000000 (മൈക്രോ സംരംഭം) | 500 | 300 119040106336/ 29.2.2020. | 200 |
| 170 | 1/437 | പുതുക്കുടി ചന്ദ്രൻ/ 18.3.2019. | അനാദി സ്റ്റേഷനറി | 1000000 (മൈക്രോ സംരംഭം) | 500 | 300 119040106800/ 19.3.2020. | 200 |
| 179 | 11/47 | അസ്സൂട്ടി. ടി.പി/ 9.3.2020. | എല്ലാവിധ പെയിന്റുകളും, ഹാർഡ്‌വെയർ സാധനങ്ങളും വിൽപ്പന നടത്തുന്നതിന് | 1500000 (മിനി സംരംഭം) | 600 | 300 119040106579/ 9.3.2020. | 300 |
| 190 | 13/7 J | അനിരുദ്ധ് സോമ സുന്ദരൻ/ 19.5.2020. | ഫോട്ടോ സ്റ്റുഡിയോ | 800000 | 500 | 300 120040100026/ 19.5.2020 | 200 |
| 192 | 10/263 | സലാല്യ | ടൂ വീലർ വർക്ക് | 1200000 | 600 | 300 | 300 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | ദ്ദീൻ.എം. 29.5.2020. | ഷോപ്പ് | (മിനി സംരംഭം) | | 120040100058/ 29.5.2020. | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.6/2020-21 തീയ്യതി-19.5.2022)നൽകിയ മറുപടിയിൽ മുകളിൽ പരാമർശിച്ച അപേക്ഷകരിൽ നിന്നും ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ് വന്ന തുക യഥാക്രമം 24.5.2022-ലെ രസീത് നം.1220100737 പ്രകാരം 200 രൂപ, 1220100742 പ്രകാരം 200 രൂപ, 1220100740 പ്രകാരം 300 രൂപ, 1220100743 പ്രകാരം 200 രൂപ, 1220100739 പ്രകാരം 300 രൂപ എന്നിങ്ങനെ ഈടാക്കിയതായി അറിയിച്ചിട്ടുണ്ട്. 2020-21-ൽ എഫ്.ടി.ഇ.&ഒ.എസ് ലൈസൻസ് അനുവദിച്ച മുഴുവൻ അപേക്ഷകളും പരിശോധിച്ച്. മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീ ഈടാക്കുമ്പോൾ തുക കുറവ് വന്നിട്ടില്ലെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി -അപാകങ്ങൾ.

ധർമ്മടം ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തിലെ ഒന്നാം അർദ്ധ വർഷത്തെ ഏതാനും തൊഴിൽ നികുതി റിട്ടേൺസ് പരിശോധിച്ചപ്പോൾ കണ്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ പേര്/ഉദ്യോഗ പേര്. | ആകെ അർദ്ധ വാർഷിക വരുമാനം. ₹ | തൊഴിൽ നികുതി സ്ലാബ് പ്രകാരം ഒടുക്കേണ്ട നികുതി ₹ | ഒടുക്കിയ തുക ₹ | കുറവ് വന്ന തുക ₹ |
|---|---|---|---|---|---|
| പി.എച്ച്.സി. ധർമ്മടം. | ഡോ.പ്രമതകല.എം./ മെഡിക്കൽ ഓഫീസർ | 164121 | 1250 | 1000 | 250 |
| | സജിത.പി.ടി/ നഴ്സിംഗ് അസിസ്റ്റന്റ് | 132684 | 1250 | 1000 | 250 |

ധർമ്മടം ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തിലെ രണ്ടാം അർദ്ധ വർഷത്തെ ഏതാനും തൊഴിൽ നികുതി റിട്ടേൺസ് പരിശോധിച്ചപ്പോൾ കണ്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ പേര്/ ഉദ്യോഗ പേര്. | അടിസ്ഥാന ശമ്പളം. ₹ | ഡി.എ ₹ | മറ്റ് അലവൻസുകൾ ₹ | ആകെ അർദ്ധ വാർഷിക വരുമാനം. ₹ | തൊഴിൽ നികുതി സ്ലാബ് പ്രകാരം ഒടുക്കേണ്ട നികുതി ₹ | ഒടുക്കിയ തുക ₹ | കുറവ് വന്ന തുക ₹ |
|---|---|---|---|---|---|---|---|---|
| ജി.എം.ജെ. ബി.സ്കൂൾ ധർമ്മടം. | സുമയ്യ. എം.പി/ പി.ടി. സി.എം. | 9340 | 1868 (@20%) | 4000 | 15208X6= 91248 | 750 | 600 | 150 |
| ഗവ.ഹോമിയോ ഡിസ്പെൻസറി ധർമ്മടം | ഷൈജ.പി. കാഷ്വൽ സ്വീപ്പർ | 6000 | - | - | 36000 | 300 | 180 | 120 |
| വനിതാ കോ.ഓപ്പറേറ്റീവ് സൊസൈറ്റി, ധർമ്മടം. | Rasala/ Secretary | 72500 | - | 3500 | 75500 | 750 | 600 | 150 |

മേൽ സൂചിപ്പിച്ച ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുമ്പോൾ മുകളിൽ പരാമർശിച്ച വിധമുള്ള തുക കുറവ് വരുവാനുണ്ടായതിന് കാരണം ലഭ്യമാക്കുവാനാവശ്യപ്പെട്ടു കൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8/2020-21-തീയ്യതി-19.5.2022 & 16/2020-21 തീയ്യതി-20.5.2022) ലഭ്യമാക്കിയ മറുപടിയിൽ മുകളിൽ പരാമർശിച്ച ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുമ്പോൾ ഒന്നാം അർദ്ധ വർഷത്തെ കുറവ് വന്ന തുകയായ 500 രൂപ (250+250) 20.5.2022-ലെ 1220100674 എന്ന രസീത് നമ്പറിലും,രണ്ടാം അർദ്ധ വർഷത്തെ കുറവ് വന്ന തുകയായ 420രൂപ (150+120 +150) 20.5.2022-ലെ 1220100686,1220100680,1220100673 എന്നീ രസീത് നമ്പറിലും ഒടുക്കിയിട്ടുണ്ടെന്ന് അറിയിച്ചു.

സ്ഥാപന മേധാവികൾ സമർപ്പിക്കുന്ന തൊഴിൽ നികുതി റിട്ടേണുകൾ സൂക്ഷ്മ പരിശോധന നടത്താത്തതുകൊണ്ടാണ്

ഇത്തരം അപാകങ്ങൾ സംഭവിക്കുന്നത്.2020-21 സാമ്പത്തിക വർഷം ലഭിച്ചിട്ടുള്ള മുഴുവൻ തൊഴിൽ നികുതി റിട്ടേണുകളും സൂക്ഷ്മ പരിശോധന നടത്തി തൊഴിൽ നികുതിയിനത്തിൽ ലഭ്യമാകേണ്ട തുകയിൽ കുറവ് വന്നിട്ടില്ലെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-14 ഐ കെ എം ന് വിഹിതം നൽകൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | ഐ കെ എം ന് വിഹിതം നൽകൽ |
| പ്രൊജക്റ്റ് നം | 2/21 |
| അടങ്കൽ | 50000/-വികസന ഫണ്ട്(ജനറൽ)<br>12000/- തനത് ഫണ്ട് |
| ചെലവ് | 50,000/-വികസന ഫണ്ട്(ജനറൽ)<br>10613/-<br>ബിൽ നം. 105/30.10.2020. |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

പദ്ധതി നടപ്പിലാക്കുന്നതിനായി ആകെ 10613/- രൂപ ഐ കെ എം ന് കൈമാറിയിട്ടുണ്ട്. തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 1-15 വെള്ളക്കരം അടവാക്കൽ -രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | വെള്ളക്കരം അടവാക്കൽ |
| പ്രൊജക്റ്റ് നം | 99/21 |
| അടങ്കൽ | 770240/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>288840/-മെയിന്റനൻസ് ഗ്രാന്റ് |
| ചെലവ് | 770000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>288750/-മെയിന്റനൻസ് ഗ്രാന്റ് |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

ധർമ്മടം പഞ്ചായത്തിലെ 220 ടാപ്പുകൾക്കുള്ള വെള്ളക്കരമാണ് നിലവിൽ ഒടുക്കി വരുന്നത്. (പ്രതിമാസം 96250 രൂപ നിരക്കിൽ) തൻവർഷം മേൽ പ്രോജക്ട പ്രകാരം 1058750 രൂപ ഈ ഇനത്തിൽ വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്.

പൊതു ടാപ്പുകളുടെ എണ്ണം, ഒടുക്കുന്ന തുക, ഇവ രേഖപ്പെടുത്തുന്ന രജിസ്റ്റർ എന്നിവ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

വാട്ടർ അതോറിറ്റിയുമായുള്ള സംയുക്ത പരിശോധനാ റിപ്പാർട്ട് പ്രകാരമുള്ള കണക്കിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സ്ട്രീറ്റ് ടാപ്പുകൾക്ക് മാത്രമായി വെള്ളക്കരമിനത്തിലുള്ള തുക ക്രമപ്പെടുത്തുവാൻ നടപടി സ്വീകരിക്കേണ്ടതും പാഴ്ചെലവ് ഒഴിവാക്കേണ്ടതുമാണ്.

## 1-16 മഴക്കാലപൂർവ്വ ശുചീകരണം -വാർഡ്തല സാനിറ്റേഷൻ കമ്മിറ്റിക്ക് നൽകിയ തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല. 2,70,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

മഴക്കാലപൂർവ്വ ശുചീകരണത്തിനായി വാർഡ് തല സാനിറ്റേഷൻ കമ്മിറ്റിക്ക് താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

| വൗച്ചർ നമ്പർ/തീയതി | തുക |
|---|---|
| 22000078/08-05-2020 | 180000 |
| 22000144/18-06-2020 | 90000 |

| | |
|---|---|
| ആകെ | 270000 |

മേൽ തുക ചെലവഴിച്ചതിന്റെ വിനിയോഗ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. തുക ചെലവഴിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.29/24-05-2022) ) മറുപടി ലഭ്യമാക്കിയിട്ടില്ല. തുക വിനിയോഗിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. രേഖകൾ ലഭ്യമാക്കുന്നതു വരെ 270000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-17 ഘടക സ്ഥാപനങ്ങൾ /അങ്കണവാടികൾ, സ്കൂളുകൾ തുടങ്ങിയ സ്ഥാപനങ്ങൾക്ക് റിംഗ് കമ്പോസ്റ്റ് - സ്ഥാപിച്ചതിന്റെ രേഖ ഹാജരാക്കിയിട്ടില്ല-₹124850 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ,പാലയാട് സർക്കിൾ |
| പ്രോജക്ടിന്റെ നമ്പർ/ പേര് | 227/21, ഘടക സ്ഥാപനങ്ങൾ/അങ്കണവാടികൾ, സ്കൂളുകൾ തുടങ്ങിയ സ്ഥാപനങ്ങൾക്ക് റിംഗ് കമ്പോസ്റ്റ് സ്ഥാപിക്കൽ |
| അടങ്കൽ | ₹125000 (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് | ₹124850 |
| ബിൽ നമ്പർ/ തീയതി | 20220352007901307298/18-03-2021 |

സൂര്യ ഡിസ്ട്രിബ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സ് നമ്പർ 0019/10-03-2021 പ്രകാരം 50 എണ്ണം റിംഗ് കമ്പോസ്റ്റുകളുടെ തുക സ്ഥാപനത്തിന് നൽകുന്നതിനാണ് മേൽ തുക ചെലവഴിച്ചത്. എന്നാൽ റിംഗ് കമ്പോസ്റ്റ് ഏത് സ്ഥാപനങ്ങളിൽ സ്ഥാപിച്ചുവെന്നതിന്റ രേഖ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.ഇത് സംബന്ധിച്ച് ബന്ധപ്പെട്ട രേഖകൾ സഹിതം ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.30/23-05-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ഏതൊക്കെ സ്ഥാപനങ്ങളിലാണ് റിംഗ് കമ്പോസ്റ്റ് സ്ഥാപിച്ചതെന്ന് വ്യക്തതയില്ലാത്തതിനാൽ ₹124850 തടസ്സപ്പെടുത്തുന്നു. റിംഗ് കമ്പോസ്റ്റ് സ്ഥാപിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-18 കന്നു കുട്ടി പരിപാലനം വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രോജക്ടിന്റെ നമ്പർ/ പേര് | 17/20, കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ | ₹400000 (വികസന ഫണ്ട്,ജനറൽ) |
| | ₹400000 (മറ്റുള്ളവ) |
| ആകെ അടങ്കൽ | ₹800000 |
| ചെലവ് | ₹400000 |
| ബിൽ നമ്പർ/തീയതി | 20220352013200732420/13-11-2020 |

കന്നുകുട്ടി പരിപാലന പദ്ധതി (17/20) എന്ന പ്രോജക്ട് പ്രകാരം മുകളിൽ കൊടുത്ത ചെലവ് തുക എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടറുടെ 719011400000003 നമ്പർ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.05/16-05-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി പൂർത്തിയാകുന്ന മുറക്ക് വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-19 കോൺഫറൻസ് ഹാളിൽ സൗണ്ട് സിസ്റ്റം സ്ഥാപിക്കൽ- പദ്ധതി നടപ്പിലായില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | കോൺഫറൻസ് ഹാളിൽ സൗണ്ട് സിസ്റ്റം സ്ഥാപിക്കൽ |
| പ്രൊജക്ട് നം | 235/21 |
| അടങ്കൽ | 250000 |
| ചെലവ് | 250000 –വൗച്ചർ നം.122001091 തീയതി 20.03.21 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

ഇന്ത്യൻ ഓയിൽ കോർപ്പറേഷനിൽ നിന്നും ലഭ്യമായ സി എസ് ആർ ഫണ്ടുപയോഗിച്ച്ധർമ്മടം ഗ്രാമ പഞ്ചായത്തിന്റെ കോൺഫറൻസ് ഹാൾ നവീകരണത്തിനായി നടപ്പിലാക്കിയ പ്രോജക്ടു പ്രകാരം 250000 രൂപ പൊതുമരാമത്ത്

വകുപ്പിലെ ഇലക്ട്രോണിക്സ് വിഭാഗത്തിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. മൈക്ക്, ആംപ്ലിഫയർ, സ്പീക്കർ ഉൾപ്പെടെയുള്ള സൗണ്ട് സിസ്റ്റം എന്നിവ സ്ഥാപിക്കുന്നതിനു വേണ്ടി വിഭാവനം ചെയ്തതാണ് മേൽ പ്രോജക്ട്. എന്നാൽ നാളിതുവരെ സൗണ്ട് സിസ്റ്റം സ്ഥാപിച്ചതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/19.05.22) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി പൂർത്തീകരിച്ച് പൊതുമരാമത്ത് ഇലക്ട്രോണിക്സ് വിഭാഗത്തിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-20 പ്രൈമറി ഹെൽത്ത് സെന്റർ ഫാമിലി ഹെൽത്ത് സെന്ററാക്കൽ തുടർ നടപടികളില്ല

ധർമ്മടം ഗ്രാമ പഞ്ചായത്തിലെ പ്രൈമറി ഹെൽത്ത് സെന്റർ ഫാമിലി ഹെൽത്ത് സെന്ററാക്കൽ തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

| | |
|---|---|
| പദ്ധതിയുടെ പേര് | ധർമ്മടം ഗ്രാമ പഞ്ചായത്തിലെ പ്രൈമറി ഹെൽത്ത് സെന്റർ ഫാമിലി ഹെൽത്ത് സെന്ററാക്കൽ |
| പ്രൊജക്ട് നം | 100/21 |
| അടങ്കൽ | 10,50,000/-ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>20,00,000/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| ചെലവ് | 30,50,000/-<br>6,79,487/- ബിൽ നം.277/16-03-21<br>3,70,513/-ബിൽ നം.201/11-02-21<br>20,00,000/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

മേൽ പദ്ധതി ഡെപ്പോസിറ്റ് വർക്കായി നടപ്പിലാക്കുന്നതിനായി 3050000/- District Family Welfare Society Kannur ന് അനുവദിച്ചിട്ടുണ്ട്. തുക കൈപ്പറ്റിയതിന്റെ രേഖകൾ, പ്രവൃത്തി ആരംഭിച്ചുവോ എന്ന വിവരം, നിലവിലെ അവസ്ഥ എന്നിവ അറിയിക്കുവാൻ ആവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.12/19.05.22) മറുപടി ലഭ്യമാക്കിയിട്ടില്ല. ആവശ്യപ്പെട്ട രേഖകളും വിവരങ്ങളും പ്രവൃത്തി പൂർത്തീകരിച്ച രേഖയും തുകയുടെ വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്.

## 1-21 ടെണ്ടർ ഫീസ് ഇനത്തിലെ തുക പഞ്ചായത്തിന് തിരികെ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇ- ടെണ്ടർ വഴി നടപ്പാക്കിയ മേൽ പ്രവൃത്തികളുടെ ടെണ്ടർ ഫീസ് LSGD വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്. എന്നാൽ ടെണ്ടർ ഫീസ് പഞ്ചായത്തിന് തിരികെ ലഭിക്കേണ്ടതാണ്. ആയതിന് അസി.എഞ്ചിനീയറുടെ പേരിൽ പ്രത്യേക ബാങ്ക് അക്കൗണ്ട് തുടങ്ങേണ്ടതുമാണ്. 2020-21 വർഷത്തിൽ ഈ ഇനത്തിൽ പഞ്ചായത്തിന് ലഭ്യമാകേണ്ട തുകയുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | മാസം | ലഭിക്കാനുള്ള തുക |
|---|---|---|
| 1 | 2020 ജൂൺ | 17850 |
| 2 | " ജൂലൈ | 18326 |
| 3 | " സെപ്തംബർ | 18977 |
| 4 | " ഒക്ടോബർ | 9281 |
| 5 | " മാർച്ച് | 1071 |
| | ആകെ തുക | 65505 |

ടെണ്ടർ ഫീസ് ഇനത്തിലെ തുക പഞ്ചായത്തിന് തിരികെ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കേണ്ടതാണ്.

ധർമ്മടം ഗ്രാമപഞ്ചായത്ത് 2019-20, 2020-21 വർഷങ്ങളിൽ റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാതെയാണ് റോഡ് വികസന പ്രവർത്തനങ്ങൾക്കായി പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. 29-1-2018-ലെ ജി.ഒ(എം.എസ്) 11/2018/ തസ്വഭവ ഉത്തരവ് പ്രകാരമുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖ ഖണ്ഡിക 7.13(1) പ്രകാരം ഗ്രാമപഞ്ചായത്ത് റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതികൾ രൂപീകരിക്കേണ്ടത്. സമഗ്രമായ പദ്ധതികൾ തയ്യാറാക്കാതെ ചെറിയ ചെയിനേജിലുള്ള ധാരാളം പ്രവർത്തികൾ നടപ്പിലാക്കുന്നത് മൂലം

ഫണ്ട് വിനിയോഗം ഫലപ്രദമാകുന്നില്ല. ഇത്തരത്തിൽ കണക്ടിവിറ്റി മാപ്പില്ലാതെയും ചെയിനേജ് വ്യക്തമാക്കാതെയും പദ്ധതി നടപ്പാക്കുന്നത് പ്രവർത്തി നടത്തിപ്പിൽ വ്യക്തത ഇല്ലാതിരിക്കുന്നതിനും ഇരട്ടിപ്പ് ഉണ്ടാകുന്നതിനും പാഴ് ചെലവിനും സാഹചര്യം ഉണ്ടാക്കുന്നു. കൃത്യമായ കണക്ടിവിറ്റി ഉറപ്പ് വരുത്തുകയും സമഗ്രപദ്ധതികൾ തയ്യാറാക്കാതെയും ചെറിയ പദ്ധതികൾ നടപ്പിലാക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം. 1 തീയതി 17.5.2022, 2021-22 വർഷത്തിൽ R-Track സംവിധാനം ഉപയോഗിച്ച് റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നുണ്ടെന്നും, ആയതിന്റെ 75% പ്രവൃത്തികളും പൂർത്തീകരിച്ചു എന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. ആയത് പ്രകാരമുള്ള തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-23 കാലാവധിക്കകം പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. തുടർ നടപടികൾ സ്വീകരിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ്.

ധർമ്മടം ഗ്രാമപഞ്ചായത്തിൽ മുൻവർഷങ്ങളിൽ ആരംഭിച്ചതും, 2020-21 വർഷം സ്പിൽ ഓവർ ആയി തുടരുന്നതുമായ ശ്രീ.പി. നടരാജൻ എന്ന കരാറുകാരൻ ഏറ്റെടുത്ത താഴെ കാണിച്ച മരാമത്ത് പ്രവൃത്തികളുടെ ഫയൽ, അളവു പുസ്തകം എന്നിവ പരിശോധിച്ചതിൽ പ്രവൃത്തി നാളിതുവരേയും പൂർത്തീകരിച്ചിട്ടില്ല എന്നു കാണുന്നു. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം./പേര് | എസ്റ്റിമേറ്റ് തുക | കരാർ നമ്പർ തീയതി | പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലാവധി | പാർട്ട് ബിൽ തുക ബിൽ നമ്പർ തീയതി | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 55/19<br>SO135/20<br>SO164/21<br>മേലൂർ അംഗൻവാടി റോഡ് ടാറിംഗ് | 585000 | AE/LSGD/DHM/27/2018-19<br>തീയതി<br>11-12-2018 | 10-6-19 | ₹308082<br>4201366748<br>26/3/21 | ഐറ്റം 1.004& 1.005 ബിറ്റുമെൻ പ്രവൃത്തികൾ നടത്തിയിട്ടില്ല |
| 2 | SO 186/21<br>SO 143/20<br>SO 179/19<br>ഇരുന്നാലിയത്ത് റോഡ് റീടാറിംഗ് | 232000 | AE/LSGD/DHM/32/2018-19<br>തീയതി<br>18-1-2019 | 17/7/19 | ₹50497<br>4201325144<br>23/3/21 | എസ്റ്റിമേറ്റ് ക്രമ നമ്പർ 1,2,3 വരെ മാത്രമേ പ്രവൃത്തി ചെയ്തിട്ടുള്ളൂ. 9 വരെ ബാക്കി |
| 3 | 65/19<br>SO 138/20<br>SO 165/21<br>കുന്നമ്പ്രം മൈതാനം റോഡ് റീടാറിംഗ് | 415000<br>MGR | AE/LSGD/DHM/13/2018-19<br>തീയതി<br>1-11-2018 | 31/5/19 | ₹185496<br>4201325147<br>23/3/21 | ക്രമ നമ്പർ 4,5,6,7,8,9 ഇനം പ്രവൃത്തികൾ ബാക്കിയുണ്ട് |

പ്രവൃത്തി നാളിതു വരേയും പൂർത്തീകരിക്കാത്തതിനാൽ പാർട്ട് ബിൽ തുക തടസ്സപ്പെടുത്തുന്നതാണ് എന്ന് അറിയിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.19 തീയതി 20.05.2022ന് മറുപടിയായി പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും എന്നാൽ ടാർ ബിൽ ഹാജരാക്കാത്തതിനാൽ ഫൈനൽ ബിൽ തയ്യാറാക്കാൻ സാധിച്ചിട്ടില്ല എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചതിനുള്ള തെളിവുകൾ ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിൽ

തുടർനടപടികൾ സ്വീകരിക്കേണ്ടതും ആയതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-24 മരാമത്ത് പ്രവൃത്തികൾ ഒരു ഘട്ടത്തിൽ പോലും ഗുണമേന്മാ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എൽ.എസ്.ജി.ഡി വിഭാഗം മുഖേന നിർവ്വഹിക്കുന്ന മരാമത്ത് പ്രവൃത്തികൾ ഒരു ഘട്ടത്തിൽ പോലും ഗുണമേന്മാ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല എന്നത് പ്രവൃത്തിയുടെ നിർവ്വഹണത്തിലെ ഗുരുതരമായ ഒരു പോരായ്മയാണ്. 2012ലെ കേരള പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ - 2103 പ്രകാരം ഓരോ പ്രവൃത്തിയും കൃത്യമായ സ്പെസിഫിക്കേഷൻ അനുസരിച്ചാണോ നിർവ്വഹിക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്. ആയതിന് ഫലപ്രദമായ സൂപ്പർവിഷൻ നിർബന്ധമാക്കേണ്ടതും, പ്രവൃത്തിയുടെ ഗുണനിലവാരം പരിശോധനാ വിധേയമാക്കേണ്ടതുമാണ്. ഗുണ പരിശോധനാ ടെസ്റ്റുകളുടെ ലിസ്റ്റ് മുൻകൂട്ടി തയ്യാറാക്കി ടെണ്ടർ രേഖകളോടൊപ്പം ഉൾപ്പെടുത്തേണ്ടതും, ടെസ്റ്റ് റിപ്പോർട്ടുകൾ ഫൈനൽ ബില്ലിനോടൊപ്പം സമർപ്പിക്കേണ്ടതുമാണെന്ന് മാന്വലിൽ നിഷ്കർഷിച്ചിരിക്കുന്നു. മാന്വലിലെ ക്ലോസ് 2401, 2406 എന്നിവ പ്രകാരം 3 – Tier Quality Monitoring System സർക്കാർ പൊതുമരാമത്ത് വകുപ്പിൽ നിർബന്ധമാക്കിയിട്ടുണ്ട്. GO(Rt) 469/2013/PWD/ തീയതി 30-03-2013-ാം നമ്പർ ഉത്തരവ് പ്രകാരം പി.ഡബ്ല്യൂ.ഡി.യിൽ ക്വാളിറ്റി കൺട്രോൾ സിസ്റ്റം നടപ്പാക്കിയിട്ടുണ്ട്. എൽ.എസ്.ജി.ഡി മുഖേനയുള്ള പ്രവൃത്തികൾക്കും ക്വാളിറ്റി കൺട്രോൾ ടെസ്റ്റ് നടത്തേണ്ടതാണെന്ന് സർക്കാരിന്റെ നിർദ്ദേശം ഉണ്ടായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെയും മാന്വലിന്റെയും അടിസ്ഥാനത്തിൽ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനാവശ്യമായ ലാബ് ടെസ്റ്റുകൾ, മറ്റ് പരിശോധനകൾ എന്നിവയ്ക്കാവശ്യമായ ചെലവുകൾ കരാറുകാർ തന്നെ വഹിക്കേണ്ടതാണെന്ന് ഇ-പ്രൊക്വയർമെന്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇക്കാര്യം കരാർ ഉടമ്പടിയിൽ വ്യവസ്ഥ ചെയ്തിട്ടില്ല. തൻവർഷം നടപ്പാക്കിയ ഒരു പ്രവൃത്തിയുടെ ഫയലിലും പരിശോധന നടത്തിയതിന്റെ രേഖകൾ ഉൾപ്പെടുത്തിയിട്ടില്ല. പൊതുമരാമത്ത് വകുപ്പിൽ ഗുണനിലവാര പരിശോധനയ്ക്ക് പ്രത്യേകം ലാബ് സൗകര്യങ്ങളും ഉപകരണങ്ങളും പ്രവർത്തന സജ്ജമായിട്ടും എൽ.എസ്.ജി.ഡി. വിഭാഗം ഈ വിഷയത്തിൽ യാതൊരു താത്പര്യവും കാണിക്കുന്നില്ല. MORTH, MORD മുതലായ സ്പെസിഫിക്കേഷനുകൾ പ്രകാരമുള്ള നിരക്കുകൾ മരാമത്ത് പ്രവൃത്തികൾക്ക് അനുവദിക്കുമ്പോൾ സ്പെസിഫിക്കേഷൻ പ്രകാരം പ്രവൃത്തികൾ നിർവ്വഹിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടത് അനിവാര്യമാണ്. 2019-20, 2020-21 വർഷത്തിൽ നിർവഹണം നടത്തിയ പ്രവൃത്തികളിൽ ഗുണനിലവാര പരിശോധന നടത്തിയിട്ടില്ല എന്ന് ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിക്ക് (നം.1 തീയതി 17.05.2022) മറുപടി നൽകിയിട്ടുണ്ട്. പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന ആവശ്യമാണെന്ന് സ്ററാൻഡിംഗ് കമ്മിറ്റിയെ ധരിപ്പിക്കേണ്ടതും ഈ വിഷയത്തിന്മേൽ ഭരണസമിതി തീരുമാനം കൈക്കൊള്ളേണ്ടതുമാണ്.

## 1-25 നെൽ കൃഷി വികസനം - രേഖകളുടെ അഭാവത്തിൽ ₹177900 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ ,<br>ധർമ്മടം ഗ്രാമ പഞ്ചായത്ത്. |
| പ്രൊജക്ട് നം. | 149/21 |
| പ്രൊജക്ടിന്റെ പേര് | നെൽ കൃഷി വികസനം |
| അടങ്കൽ | ₹305400.<br>₹177900 (വികസന ഫണ്ട്)<br>₹127500 (ഗുണഭോക്തൃ വിഹിതം) |
| ചെലവ് | ₹305400.<br>₹177900 (വികസന ഫണ്ട്)<br>₹127500 (ഗുണഭോക്തൃ വിഹിതം) |
| ചെലവ്<br>ബിൽ നം/ചെക്ക് നം/തീയ്യതി/തുക | ബിൽ നം ACR പ്രകാരം.<br>210/11.2.2021/₹127500<br>85/16.9.2020/₹50400<br>20220352008000559027/28.9.2020/<br>₹127500 |

മേൽ പദ്ധതിയുടെ ഭാഗമായി മുകളിൽ പരാമർശിച്ച ബിൽ നമ്പറിൽ ഉൾപ്പെട്ട തുകയുടെ ചെലവ് സംബന്ധിച്ച രജിസ്റ്റർ, ഫയലുകൾ, അപേക്ഷ, റേഷൻ കാർഡ്, ബാങ്ക് പാസ്സ് ബുക്ക്, കൃഷി ചെയ്ത സ്ഥലത്തിന്റെ വിസ്തീർണ്ണം രേഖപ്പെടുത്തിയ

നികുതി രസീത് എന്നിവയുടെ പകർപ്പ് ഉൾപ്പെടെ മുഴുവൻ രേഖകളും ഹാജരാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.28/2020-21-തീയ്യതി-24.5.2022) മറുപടിയൊന്നും ലഭ്യമാക്കാത്തതിനാൽ 177900 രൂപ തടസ്സപ്പെടുത്തുന്നു.

## 1-26 ഉൽസവ വാഴകൃഷി - പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ ,<br>ധർമ്മടം ഗ്രാമ പഞ്ചായത്ത്. |
| പ്രൊജക്ട് നം. | 151/21 |
| പ്രൊജക്ടിന്റെ പേര് | ഉൽസവ വാഴകൃഷി . |
| അടങ്കൽ | ₹403000.(വികസന ഫണ്ട്) |
| ചെലവ് | ₹400900 (വികസന ഫണ്ട്) |
| ചെലവ്<br>ബിൽ നം/തീയ്യതി/ഉക | ബിൽ നമ്പർ ACR-പ്രകാരം<br>63/6.8.2020/₹378000.<br>118/9.11.2020/₹22900. |

(1) മേൽ പദ്ധതിയുടെ ഭാഗമായി മുകളിൽ പരാമർശിച്ച ബിൽ നമ്പറിൽ ഉൾപ്പെട്ട 22900രൂപ ശശിധരൻ.വി-യുടെ 42272200084908 എന്ന സിണ്ടിക്കറ്റ് ബാങ്ക് അക്കൗണ്ടിൽ അനവദിച്ചിട്ടുള്ളത് ഏതാവശ്യത്തിന് വേണ്ടിയാണെന്ന് അറിയിക്കേണ്ടതാണ്.

(2) വാഴക്കന്ന് വിതരണത്തിന് ക്വട്ടേഷൻ ക്ഷണിച്ച് വാഹനം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ക്വട്ടേഷൻ സംബന്ധിച്ച നടപടി ക്രമങ്ങളും, പ്രസ്തുത ക്വട്ടേഷൻ പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ചതിന്റെ പകർപ്പും ഹാജരാക്കേണ്ടതാണ്
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.26/2020-21-തീയ്യതി-24.5.2022) നൽകിയ മറുപടിയിൽ പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ച ക്വട്ടേഷന്റെ പകർപ്പ് ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്.
ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ നിന്നുള്ള 7000 വീടുകളിൽ 3 വീതം വാഴ കന്നുകൾ വിതരണം നടത്തുന്നതിന് വിവിധ വാർഡ് കേന്ദ്രീകരിച്ച് വാഴക്കന്നുകൾ ഇറക്കിയതിനാണ് 22900 രൂപ ചെലവഴിച്ചതെന്ന് അറിയിച്ചിട്ടുണ്ട്. കൃഷി ഭവൻ കേന്ദ്രീകരിച്ച് വാഴക്കന്നുകൾ വിതരണം ചെയ്യാനുള്ള സാധ്യത പരിശോധിച്ച് ഇത്തരത്തിലുള്ള പാഴ്ചെലവ് ഒഴിവാക്കാമായിരുന്നു. ഭാവിയിൽ ഇത്തരം കാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതാണ്.

## 1-27 പച്ചക്കറി കൃഷിക്ക് മൺചട്ടി, ഗ്രോബാഗ് - പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ ,<br>ധർമ്മടം ഗ്രാമ പഞ്ചായത്ത്. |
| പ്രൊജക്ട് നം. | 120/21 |
| പ്രൊജക്ടിന്റെ പേര് | പച്ചക്കറി കൃഷിക്ക് മൺചട്ടി ഗ്രോബാഗ് (സ്പിൽ ഓവർ). |
| അടങ്കൽ | ₹563400.<br>₹445800 (വികസന ഫണ്ട്)<br>₹117600 (ഗുണഭോക്തൃ വിഹിതം) |
| ചെലവ് | ₹93000 (വികസന ഫണ്ട്) |
| ചെലവ്<br>ബിൽ നം/തീയ്യതി/ഉക | ബിൽ നമ്പർ ACR പ്രകാരം.<br>8/11.4.2020/ ₹93000 |

(1) പദ്ധതി തയ്യാറാക്കുമ്പോൾ ആവശ്യകതാ നിർണയം നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം അറിയിക്കേണ്ടതാണ്.

(2) പദ്ധതി വിഭാവന ചെയ്തത് പച്ചക്കറി കൃഷിക്ക് മൺചട്ടി, ഗ്രോബാഗ് എന്നിവ വാങ്ങിക്കുക എന്നതായിരുന്നു. പ്രസ്തുത സാധനങ്ങൾ വാങ്ങിക്കാതെ കണ്ണൂർ ജില്ലാ പഞ്ചായത്ത് സ്റ്റേറ്റ് കോക്കനട്ട് നഴ്സറി, പാലയാട് എന്ന സ്ഥാപനത്തിൽ നിന്ന് 4.2.2020-ലെ Invoice No-CNP-587/19-20 പ്രകാരം 93000 രൂപ ചെലവഴിച്ച് 3 രൂപ നിരക്കിൽ 1000 പറങ്കി, 15000 കാബേജ്, 15000 ക്വാളി ഫ്ലവർ എന്നിവയുടെ തൈകൾ വാങ്ങിച്ച് വിതരണം നടത്തുക മാത്രമാണ് ചെയ്തിട്ടുള്ളത്. പദ്ധതി വിഭാവന ചെയ്ത ലക്ഷ്യം നടപ്പിലാക്കാതെ ഉക ചെലവഴിച്ചതിന്റെ കാരണം ലഭ്യമാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.24/2020-21-തീയ്യതി-24.5.2022) മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല. പദ്ധതി വിഭാവന ചെയ്ത മുഴുവൻ കാര്യങ്ങളും നടപ്പിലാക്കാതെ ഏതാനും കാര്യങ്ങൾക്ക് മാത്രം ഊന്നൽ നൽകി പദ്ധതി നടപ്പിലാക്കുന്നത് ആസൂത്രണത്തിലെ പാളിച്ചയായി ഓഡിറ്റ് നിരീക്ഷിക്കുന്നു. ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-28 കര നെൽ കൃഷി -രേഖകളുടെ അഭാവത്തിൽ ₹31200 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ ,<br>ധർമ്മടം ഗ്രാമ പഞ്ചായത്ത്. |
| പ്രൊജക്ട് നം. | 152/21 |
| പ്രൊജക്ടിന്റെ പേര് | കര നെൽ കൃഷി |
| അടങ്കൽ | ₹40800<br>₹20400 (വികസന ഫണ്ട്)<br>₹20400 (ജില്ലാപഞ്ചായത്ത് വിഹിതം) |
| ചെലവ് | ₹31200<br>₹20400 (വികസന ഫണ്ട്)<br>₹10800 (ജില്ലാപഞ്ചായത്ത് വിഹിതം) |
| ചെലവ്<br>ബിൽ നം/തീയ്യതി/തുക | ബിൽ നമ്പർ ACR പ്രകാരം.<br>117/9.11.2020/₹9600<br>176/27.1.2021/₹10800.<br>20220352008001152538/25.2.2021/ ₹10800. |

(1) മേൽ പദ്ധതിയുടെ ഭാഗമായി 8.6.2020-ലെ Invoice NoVF-02/2020-21. പ്രകാരം കണ്ണൂർ ജില്ലാ പഞ്ചായത്ത് സ്റ്റേറ്റ് സീഡ് ഫാം വേങ്ങാട് എന്ന സ്ഥാപനത്തിൽ നിന്നും 9600 രൂപ ചെലവഴിച്ച് വാങ്ങിച്ച 240kg നെൽ വിത്ത് വിതരണം ചെയ്തതിന്റെ വിശദ വിവരം കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയ വിതരണ രജിസ്റ്ററും, മുഴുവൻ അപേക്ഷകളും ഉൾപ്പെടെ ഹാജരാക്കേണ്ടതാണ്.

(2) മേൽ പദ്ധതിയുടെ ഭാഗമായി 21600 രൂപ 16പേരുടെ ബാങ്ക് അക്കൗണ്ടിൽ അനുവദിച്ചിട്ടുണ്ട് പ്രസ്തുത വ്യക്തികളുടെ ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ് ഉൾപ്പെടെയുള്ള അപേക്ഷ ഹാജരാക്കേണ്ടതാണ്.

(3) പ്രസ്തുത പദ്ധതിയുടെ ഭാഗമായി 16 പേർക്കും തുക അനുവദിച്ചിട്ടുള്ളത് ഏതാവശ്യത്തിന് വേണ്ടിയാണെന്ന് അറിയിക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.22/2020-21-തീയ്യതി-23.5.2022) മറുപടിയൊന്നും ലഭ്യമാക്കാത്തതിനാൽ 31200 രൂപ തടസ്സപ്പെടുത്തുന്നു.

## 1-29 ഇടവിളകിറ്റ് -വിതരണ രേഖകൾ ഹാജരാക്കിയിട്ടില്ല. ₹160000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ ,<br>ധർമ്മടം ഗ്രാമ പഞ്ചായത്ത്. |
| പ്രൊജക്ട് നം. | 155/21 |
| പ്രൊജക്ടിന്റെ പേര് | ഇടവിള കിറ്റ് |
| അടങ്കൽ | ₹160000 (വികസന ഫണ്ട്) |
| ചെലവ് | ₹160000 (വികസന ഫണ്ട്) |
| ചെലവ്<br>ബിൽ നം/തീയ്യതി/തുക | ബിൽ നമ്പർ ACR പ്രകാരം<br>62/6.8.2020/₹160000 |

മേൽ പദ്ധതിയുടെ ഭാഗമായി 22.6.2020-ലെ Invoice No-KGD-KBK/031 പ്രകാരം 160000 രൂപ ചെലവഴിച്ച് VFPCK KRISHI BUSINESS KENDRA KASARAGOD എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിച്ച 400 PM-Inter Crop Seed Kit സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ വിശദ വിവരം സ്റ്റോക്ക് രജിസ്റ്ററും, കൈപ്പറ്റും സഹിതം ഹാജരാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.25/2020-21-തീയ്യതി-24.5.2022) മറുപടിയൊന്നും

ലഭ്യമാക്കാത്തതിനാൽ 160000 രൂപ തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 17-05-2022,<br>18-05-2022 | കെ.എസ്.എ/കെ.എൻ.ആർ/സി.7/<br>756/22. തീയതി: 15.06.2022. |

### 4-2 സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 10800 | കര നെൽകൃഷി-152/21 | 10800 | 0 |
| ,, | 157500 | പച്ചക്കറി തൈ വിതരണം-153/21 | 157500 | 0 |
| ,, | 25000 | മിനി ആട് വളർത്തൽ-161/21 | 25000 | 0 |
| ,, | 170362 | ക്ഷീരകർഷകർക്ക് പാലുല്പാദനത്തിന് സബ്സിഡി-113/21 | 170362 | 0 |
| ,, | 321544 | സാന്ത്വന പരിചരണം- 68/21 | 321544 | 0 |
| ,, | 34049 | ബയോഫ്ലോക്ക്-157/21 | 34049 | 0 |
| ,, | 26132 | കുളത്തിലെ കരിമീൻ കൃഷി-158/21 | 26132 | 0 |
| ,, | 16153 | വീട്ടു വളപ്പിൽ മൽസ്യകൃഷി-148/21 | 16153 | 0 |
| ,, | 180840 | ക്ഷീരകർഷകർക്ക് പാലുല്പാദനത്തിന് സബ്സിഡി--65/21 | 180840 | 0 |
| ആകെ | 942380 | | 942380 | 0 |
| കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത് | 85000 | പച്ചക്കറി കൃഷി കൂലിച്ചെലവ്-152/21 | 85000 | 0 |
| ,, | 127500 | നെൽകൃഷി വികസനം-149/21 | 127500 | 0 |
| ,, | 50000 | ക്യാൻസർ നിർണ്ണയ ക്യാമ്പ്-214/21 | 50000 | 0 |
| ,, | 60434 | സാന്ത്വന പരിചരണം-147/21 | 60434 | 0 |

| | | | | |
|---|---|---|---|---|
| ,, | 400000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്-68/21 | 400000 | 0 |
| ,, | 200000 | ക്ഷീരകർഷകർക്ക് പാലുല്പാദനത്തിന് സബ്സിഡി-65/21 | 200000 | 0 |
| ,, | 240000 | ലൈഫ് ഭവന പദ്ധതി-101/21 | 240000 | 0 |
| ,, | 16400 | ലൈഫ് ഭവന പദ്ധതി--237/21 | 16400 | 0 |
| ,, | 100000 | ലൈഫ് ഭവന പദ്ധതി--234/21 | 100000 | 0 |
| ,, | 507198 | റോഡ് അറ്റകുറ്റപ്പണി-192/21 | 507198 | 0 |
| ,, | 2000000 | ധർമ്മടം ഗ്രാമപഞ്ചായത്ത് പി.എച്ച്.സി. എഫ്.എച്ച്.സി. ആക്കി മാറ്റൽ – 100/21 | 2000000 | 0 |
| ആകെ | 3786532 | | 3786532 | |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ജില്ലാ ഹെൽത്ത് & ഫാമിലി വെൽഫെയർ സൊസൈറ്റി | ധർമ്മടം പി എച്ച് സി ഹെൽത്ത് സെന്ററാക്കി ഉയർത്തൽ | 227/16-3-21<br>201/11.02.21 | 679487<br>370513<br>20,00,000 | 30,50,000 | 30,50,000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക (തൻവർഷം എടുത്തത്) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവനപദ്ധതി | ജി.ഒ (എം.എസ്) 68/18/തസ്വഭവ തീ.18.05.2018 | 1020185 | 793190 | 322039 | 0 | 471151 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 65786449 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 72055135 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 763950 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം:- ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 270000 | ശ്രീ.പി.കെ.പ്രേമൻ,<br>സെക്രട്ടറി, ധർമ്മടം ഗ്രാമ പഞ്ചായത്ത് |
| 1-17 | 124850 | ശ്രീമതി.സോഫിയ.വി.പി,<br>വി ഇ ഒ, പാലയാട് സർക്കിൾ |
| 1-25 | 177900 | ശ്രീ സുരേഷ്.എം,<br>കൃഷി ഓഫീസർ, ധർമ്മടം ഗ്രാമ പഞ്ചായത്ത് |
| 1-28 | 31200 | ശ്രീ. സുരേഷ്.എം<br>കൃഷി ഓഫീസർ, ധർമ്മടം ഗ്രാമ പഞ്ചായത്ത് |
| 1-29 | 160000 | ശ്രീ സുരേഷ്.എം<br>കൃഷി ഓഫീസർ,ധർമ്മടം ഗ്രാമ പഞ്ചായത്ത് |
| ആകെ | 763950 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | |
| ശ്രീ.പി.കെ.പ്രേമൻ, | സെക്രട്ടറി, ധർമ്മടം ഗ്രാമ പഞ്ചായത്ത് | പഴത്തും കുട്ടത്തിൽ ഹൗസ്, മുയിപ്പോത്ത്.പി.ഒ, മേപ്പയൂർ, കോഴിക്കോട് (വഴി) |
| ശ്രീമതി.സോഫിയ.വി.പി, | വി.ഇ.ഒ (പാലയാട്), ധർമ്മടംഗ്രാമപഞ്ചായത്ത് | ശ്രുതിലയം വീട്, പൊയിലൂർ.പി.ഒ, 670693 |
| ശ്രീ സുരേഷ്.എം | കൃഷി ഓഫീസർ, ധർമ്മടംഗ്രാമപഞ്ചായത്ത് | രാമാർച്ചന,അന്നൂർ പയ്യന്നൂർ (പി.ഒ) 670307 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | കെ.എസ്.എ/കെ.എൻ ആർ./സി.7 /743/2019 തീയതി: 14.06.2019 | 1 |
| 2001-02(പദ്ധതി) | കെ.എസ്.എ/കെ.എൻ ആർ./സി.7/ 743/2019 തീയതി: 14.06.2019 | 1 |
| 2004-2005 | കെ.എസ്.എ/കെ.എൻ ആർ./സി.7/ 743/2019 തീയതി: 14.06.2019 | 2 |
| 2007-2008 | കെ.എസ്.എ/കെ.എൻ ആർ./സി.7/ 743/2019 തീയതി: 14.06.2019 | 3 |
| 2008-2009 | കെ.എസ്.എ/കെ.എൻ ആർ./സി.7/ 743/2019 തീയതി: 14.06.2019 | 6 |
| 2009-10, 2010-11 | കെ.എസ്.എ/കെ.എൻ ആർ./സി.7/ 743/2019 തീയതി: 14.06.2019 | 3 |
| 2011-12 | കെ.എസ്.എ/കെ.എൻ ആർ./സി.7/ 743/2019 തീയതി: 14.06.2019 | 6 |
| 2012-13, 2013-14 | കെ.എസ്.എ/കെ.എൻ ആർ./സി.7/ 743/2019 തീയതി: 14.06.2019 | 2 |
| 2014-15 | കെ.എസ്.എ/കെ.എൻ ആർ./സി.7/ 743/2019 തീയതി: 14.06.2019 | 6 |
| 2015-2016 | കെ.എസ്.എ/കെ.എൻ ആർ./സി.7/ 743/2019 തീയതി: 14.06.2019 | 7 |
| 2016-17 | കെ.എസ്.എ/കെ.എൻ ആർ./സി.7/ 743/2019 തീയതി: 14.06.2019 | 10 |
| 2017-18 | കെ.എസ്.എ./കെ.എൻ.ആർ./സി.7/ 1604/18 തീയ്യതി 23.11.2018 | 3 |

| | | |
|---|---|---|
| 2018-19 | കെ.എസ്.എ./കെ.എൻ.ആർ./സി.7/ 1453/19 തീയ്യതി 11-10-2019 | 27 |
| 2019-20 | കെ.എസ്.എ./കെ.എൻ.ആർ./സി.7/ 755/2022 തീയ്യതി 15.06.2022 | 18 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## 4-12 ഓഡിറ്റ് നിർദ്ദേശ പ്രകാരം തുക ഒടുക്കിയതിന്റെ വിവരങ്ങൾ

2020-21ലെ ഓഡിറ്റിന്റെ ഭാഗമായി തുക തിരിച്ചടച്ചിട്ടുണ്ട്. ആയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| പ്രൊജക്ട് നമ്പരും പേരും | എൻക്വയറി വിവരം | ഒടുക്കിയ തുക |
|---|---|---|
| 139/2020 വിവിധ അങ്കണവാടികളുടെ അറ്റകുറ്റപ്പണികൾ | എൻക്വയറി നം.2 തീയതി 17.05.2022 | 2726 രൂപ (രശീതി നം. 1220100683 തീയതി 20.05.2022) |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാല്യം, കണ്ണൂർ.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ ധർമ്മടം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ ധർമ്മടം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3-1

## റെസീറ്റ് ആന്റ് പേമെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Dharmadam Grama Panchayat RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 25579832.53 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1935110.00 |
| 140000000 | Fees & User Charges | RP-4 | 338873.00 |
| 150000000 | Sale & Hire Charges | RP-5 | 35745.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 48401706.00 |
| 171000000 | Interest Earned | RP-9 | 257843.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 10091111.00 |
| 350000000 | Other Liabilities | RP-36 | 411644.00 |

| | | | |
|---|---|---|---|
| 431000000 | Sundry Debtors (Receivables) | RP-43 | 62489.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 168.00 |
| 311000000 | Earmarked Funds | RP-29 | 379.00 |
| 330000000 | Secured Loans | RP-32 | 0.0 |
| 340000000 | Deposits Received | RP-34 | 623321.00 |
| 350000000 | Other Liabilities | RP-36 | 278698.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3349254.00 |
| 460000000 | Loans, Advances and Deposits | RP-47 | 108.00 |
| | Grand total | | 91366281.53 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3532183.00 |
| 220000000 | Administrative Expenses | RP-12 | 862746.00 |
| 230000000 | Operations & Maintenance | RP-13 | 3951476.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 4901026.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 15392391.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 9864055.00 |

| | | | |
|---|---|---|---|
| | | | |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 1333909.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 669000.00 |
| 255000000 | Maintenance Projects | RP-20 | 5186203.00 |
| 280000000 | Prior Period item | RP-26 | 1950.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 1513561.00 |
| 340000000 | Deposits Received | RP-34 | 28500.00 |
| 350000000 | Other Liabilities | RP-36 | 4605553.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 1613.00 |
| 280000000 | Prior Period Item | RP-26 | -14780.00 |
| 340000000 | Deposits Received | RP-34 | 37050.00 |
| 350000000 | Other Liabilities | RP-36 | 2063588.00 |
| 410000000 | Fixed Assets | RP-38 | 4692792.00 |
| 412000000 | Capital work in Progress | RP-40 | 3696849.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 8539488.00 |
| 460000000 | Loans, Advances and Deposits | RP-47 | 1195982.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 19241690.53 |
| Cash | Cash | RP-40(b) | 69456.00 |
| | Grand Total | | 91366281.53 |

## അനുബന്ധം 3-2

## ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| Dharmadam Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |

| | | | |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 5725508.00 |
| 140000000 | Fee & User Charges | I-4(b) | 1117874.00 |
| 150000000 | Sale & Hire Charges | I-5(b) | 35745.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 150033811.00 |
| 171000000 | Interest Earned | I-8 | 257843.00 |
| 180000000 | Other Income | I-9 | 157502.00 |
| | Total Income | | 157328283.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 11886673.00 |
| 220000000 | Administrative Expenses | I-11(b) | 1125959.00 |
| 230000000 | Operations & Maintenance | I-12(b) | 4139018.00 |
| 240000000 | Interest & Finance Charges | I-13 | 1613.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 6624395.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 31194515.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 9865527.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1333909.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 73923700.00 |
| 255000000 | Maintenance Projects | I-14(e) | 5186203.00 |
| 272000000 | Depreciation | I-17(a) | 6960672.00 |
| | Total Expenditure | | 152242184.00 |
| | Gross Surplus/ Deficit of income over Expenditure | | 5086099.00 |

| | | | |
|---|---|---|---|
| 280000000 | Prior Period Item | I-18 | -507747.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 5593846.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം 3-3
## ബാലൻസ് ഷീറ്റ്

| Dharmadam Grama Panchayat BALANCE SHEET | | | |
|---|---|---|---|
| As on 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 22840297.14 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 8701.00 |
| 312000000 | Reserves | B-3 | 27934796.00 |
| | Total Reserve & Surplus | | 50783794.14 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 16540807.00 |
| | Total Grants, Contributions for Specific Purposes | | 16540807.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 471151.00 |
| | Total Loans | | 471151.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 348177.50 |
| 341000000 | Deposits Works | B-8 | 0.0 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | B-9 | 2745036.89 |
| | Total Current Liabilities and Provisions | | 3093214.39 |
| | TOTAL LIABILITIES | | 70888966.53 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 59471455.00 |
| 411000000 | Accumulated Depreciation | B-11 | -22559363.00 |
| 412000000 | Capital Work in Progress | B-11(a) | 5772726.00 |
| | Total Fixed Assets | | 42684818.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 8581089.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 19311146.53 |
| 460000000 | Loans, Advances and Deposits | B-18 | 311913.00 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.